(ബി) ഉണ്ടെങ്കിൽ ഇവക്ക് എല്ലാവക്കും ഗ്രാൻറ് കൊടുത്തു വരുന്നുണ്ടോ?

റവന്യൂവും, ധനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ) : (എ) ഉണ്ട്.

(ബി) 4 ൽ വിഷവൈദ്യന്മാക്ക 4 ൽ ശുപവീതം ഗ്രാൻറ് കൊടുത്തു വരുന്നു. മറ്റുള്ള 2 വ വിഷവൈദ്യന്മാക്ക് മരുന്നിനു മാത്രമെ ഗ്രാൻറ് കൊടുക്കുന്നുള്ളൂ.

ശ്രീ. കെ. കുട്ടപ്പൻ : കൊല്ലത്തുള്ള വിഷവൈദ്യന്മാരിൽ നിന്നും ഗ്രാൻറ് നൽകണമെന്നു കാണിച്ചു് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ : ഉണ്ട്.

ശ്രീ. കെ. കുട്ടപ്പൻ : ഈ അപേക്ഷ കിട്ടിയിട്ടുള്ളതു് എന്നാണെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ : ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഇവക്കു വല്ല പരീക്ഷായോഗ്യതയും വേണമെന്നു നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ : പരീക്ഷായോഗ്യതയെപ്പറ്റി ഇതേവരെ ഒന്നും നിശ്ചയിച്ചിട്ടില്ല. എന്നാൽ ഗവൺമെണ്ട് അവയെപ്പറ്റി ആലോചിച്ചു് വരികയാണു്.

ശ്രീ. പട്ടം എ. താണുപിള്ള : വിഷവൈദ്യശാലകൾക്ക് മരുന്നു സപ്ലൈ ചെയ്യുന്നതു് ആരാണു്?

ശ്രീ. എ. ജെ. ജോൺ : അതു് ഡയറക്ടർ ഓഫ് ഇൻഡ്യൻ മെഡിസിൻസ് ആണു്.

ശ്രീ. എ. കെ. ശങ്കുണ്ണി : ഏതെങ്കിലും അപേക്ഷകനു ഗ്രാൻറ് അനുവദിക്കയും പിന്നീടു് അതുകൊടുക്കാതിരിക്കയും ചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ : അങ്ങിനെ ഒരു സംഗതി ഉണ്ടായതായി അറിവില്ല

ശ്രീ. എ. കെ. ശങ്കുണ്ണി : അനുവദിച്ചിട്ടുള്ള ഗ്രാൻറ് കിട്ടിയിട്ടില്ലെന്നു് ഏതെങ്കിലും പരാതികൾ സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ : അങ്ങിനെ ഒരു പരാതിയും കിട്ടിയിട്ടില്ല. അനുവദിച്ചിട്ടുള്ളതിനെല്ലാം ഗ്രാൻറ് കൊടുത്തിട്ടുണ്ടു്.

ശ്രീ. എ. കെ. ശങ്കുണ്ണി : അപ്രകാരം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തിയാൽ അതു അനുവദിക്കുമോ?

ശ്രീ. എ. ജെ. ജോൺ : അവയെപ്പറ്റി ആലോചിക്കുന്നതായിരിക്കും.

മൃഗാശുപത്രി ഡാക്ടർമാർ

*൩൨൨ (൪൦) ശ്രീ. എ. കെ. ശങ്കുണ്ണി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഗവൺമെണ്ട് മൃഗാശുപത്രി ഡാക്ടർമാർ പ്രൈവറ്റ പ്രാക്ടീസ് ചെയ്യരുതെന്നു് ഗവൺമെണ്ട് നിർദ്ദേശിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്തുകൊണ്ടാണു് അപ്രകാരം നിർദ്ദേശിച്ചിട്ടുള്ളതെന്നു പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതുമൂലം മൃഗാശുപത്രി സമീപമില്ലാത്തവർക്ക് അവരുടെ കന്നുകാലികൾക്ക് രോഗം ബാധിക്കുന്ന പക്ഷം, ഡാക്ടർസഹായം ലഭിക്കാതെ നാശനഷ്ടങ്ങളുണ്ടാവുന്നതായി ഗവൺമെണ്ടിനറിയാമോ?

(ധനകാര്യവും റവന്യൂവും, വകുപ്പുമന്ത്രി) (ശ്രീ. എ. ജെ. ജോൺ): (എ) ഗവൺമെണ്ട് സപ്ലിസിലിരിക്കുന്ന മൃഗാശുപത്രി ഡാക്ടർമാർക്ക് പ്രൈവറ്റ് പ്രാക്ടീസ് നടത്താൻ പാടില്ലെന്ന് വ്യവസ്ഥയുണ്ട്. അതു കൊച്ചിയിലേക്കും വ്യാപിച്ചിട്ടുണ്ട്.

(ബി) സപ്ലിസിലിരിക്കുന്ന ഡാക്ടർമാരുടെ ജോലിയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാണ് ഇങ്ങനെ നിയന്ത്രിച്ചിരിക്കുന്നത്. ഈ വ്യവസ്ഥ ചെയ്തിരിക്കുന്നതു തന്നെ വിദഗ്ധാഭിപ്രായമനുസരിച്ചാണ്.

(സി) ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. എ. താണുപിള്ള : മനുഷ്യരെ ചികിത്സിക്കുന്ന ഡാക്ടറന്മാർക്ക് പ്രൈവറ്റ് പ്രാക്ടീസ് അനുവദിച്ചിരിക്കുന്ന സ്ഥിതിക്ക് മൃഗങ്ങളെ ചികിത്സിക്കുന്ന ഡാക്ടറന്മാർക്ക അനുവദിക്കാതിരിക്കാൻ ഉണ്ടായ കാരണമെന്താണ്?

ശ്രീ. എ. ജെ. ജോൺ : മൃഗഡാക്ടറന്മാർക്ക് പ്രൈവറ്റ് ചികിത്സാ പാടില്ലെന്നാണ് വിദഗ്ധന്മാരുടെ അഭിപ്രായം.

ശ്രീ. എ. താണുപിള്ള : ഇനിയെങ്കിലും ഈ ഒരു rule cancel ചെയ്യാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജോൺ : ഗവൺമെണ്ട് അതിനെപ്പറ്റി ആലോചിക്കുന്താണ്.

ശ്രീ. ഇട്ടീരഅയ്യുക്കൻ : ആശുപത്രിയിൽ കൊണ്ടുപോകാൻ നിവൃത്തിയില്ലാത്ത വിധത്തിൽ ഉള്ള ഒരു രോഗം മൃഗത്തിനു വന്നാൽ ഡാക്ടരെ അങ്ങോട്ടു കൊണ്ടുപോകേണ്ടതായി വരും. അങ്ങനെയാണെങ്കിൽ അതൊരു പ്രൈവറ്റ് ചികിത്സ അല്ലയൊ?

ശ്രീ. എ. ജെ. ജോൺ : അതേപ്പറ്റി ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത് : ഈ സംഗതിയിൽ ഒരു വിദഗ്ധാഭിപ്രായം ആരാഞ്ഞിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ : അതിനു ശേഷമാണ് ഇങ്ങനെ നിയമം ഉണ്ടാക്കിയത്.

എറണാകുളം ആയുർവ്വേദാശുപത്രി

*നമ്പർ (൪൮) ശ്രീ. എ കെ. ശങ്കുണ്ണി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) എറണാകുളം ഗവൺമെണ്ട് ആയുർവ്വേദാശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിപ്പിക്കുവാൻ വേണ്ടത്ര സൌകര്യമില്ലെന്ന് കാണിച്ചു ഗവൺമെണ്ടിനു നിവേദനം കിട്ടിയിട്ടുണ്ടോ?

(ബി) പ്രസ്തുത ആശുപത്രി ഇട്ടിട്ടുള്ള കെട്ടിടത്തിൽതന്നെ മറ്റു പല ഗവൺമെണ്ട് ആഫീസുകളും നടത്തിവരുന്നതു ചികിത്സാർത്ഥം കിടക്കുന്ന രോഗികൾക്ക് ശല്യമാണെന്നറിയാമോ?

ധനകാര്യവും റവന്യൂവും മന്ത്രി (ശ്രീ. എ. ജെ. ജോൺ) : (എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly